"ഭരണഭാഷ-മാതൃഭാഷ"

## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – പായിപ്പാട് ഗ്രാമപഞ്ചായത്ത് – താമസാവശ്യത്തിനു വേണ്ടിയുള്ള പ്ലോട്ട് വികസനവും ഭൂമി പുനർവിഭജനവും – ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. കരുവിള മാത്യു, അന്നമ്മ മാത്യു, ഇണ്ടിയിൽ വീട്, കോഴഞ്ചേരി എന്നിവർ സമർപ്പിച്ച 21.04.2021-ലെ അപേക്ഷ.

2. പായിപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ , A4-501/2020 നമ്പർ കത്ത്

---

**ഉത്തരവ് നമ്പർ TCPKTM/220/2021-C** **തീയതി : 17/05/2021**

---

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പായിപ്പാട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 7-ൽ റീസർവ്വെ നമ്പർ 524/18, 524/18-1-ൽപ്പെട്ട 17230 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് താമസാവശ്യത്തിനു വേണ്ടിയുള്ള പ്ലോട്ട് വികസനവും, ഭൂമി പുനർവിഭജനവും ചെയ്യുന്നതിന് കെ.പി.ബി.ആർ-2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി ലേ -ഔട്ടിനു അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച ഉറപ്പു വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി /ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ-2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
3. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പ് വരുത്തണം.
4. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി നേടിയിരിക്കണം.
5. നിർദ്ദിഷ്ട സ്ഥലത്ത് വികസന /നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമെങ്കിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ

നിയമത്തിനും, അനുബന്ധ സർക്കുലറുകൾക്കും, 1967–ലെ കേരള ഭൂവിനിയോഗ ഉത്തരവിനും അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതാണ്.

6. സമർപ്പിച്ചിരിക്കുന്ന സൈറ്റ് പ്ലാൻ പാലിക്കുന്ന വിധത്തിൽ പ്ലോട്ട് വിഭജനം നടപ്പിലാക്കേണ്ടതാണ്.
7. പ്ലോട്ട് പ്രധാന റോഡിൽ നിന്നും താഴേക്ക് ചരിഞ്ഞ രീതിയിലുള്ള പ്രദേശമായതിനാൽ വാഹനങ്ങൾക്ക് സുഗമമായി സഞ്ചരിക്കുന്നതിനുള്ള സംവിധാനം നല്കിയിട്ടുണ്ടോ എന്ന് ഉറപ്പ വരുത്തേണ്ടതാണ്.
8. ഫെയ്സ് 3 ആയിട്ടുള്ള പ്ലോട്ടിന് സമീപമുള്ള 5 മീറ്റർ വീതിയുള്ള റോഡിന് ഇരുവശത്തും ആവശ്യമായ സ്പ്ലെയ് (splay) നൽകേണ്ടതാണ്.
9. പ്ലോട്ടിനുള്ളിൽ ഉളവാകുന്ന സർഫസ് വാട്ടർ പൊതുവഴികളിലേക്ക് നിർമ്മാർജ്ജനം ചെയ്യുവാൻ പാടില്ലാത്തതാണ്.
10. കെ.പി.ബി.ആർ–2019 അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട പ്ലോട്ട് വിഭജനം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.പി.ബി.ആർ–2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 27/2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

കരുവിള മാത്യു, അന്നമ്മ മാത്യു, ഉണ്ടിയിൽ വീട്, മല്ലപ്പുഴശ്ശേരി, കോഴഞ്ചേരി (പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :

1. സെക്രട്ടറി
   പായിപ്പാട് ഗ്രാമപഞ്ചായത്ത്
2. അധികം –1

S2642021